**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3576** **26-10-2021 - ൽ മറുപടിയ്ക്ക്**

**കരുതൽ തടങ്കൽ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കരുതൽ തടങ്കൽ കേന്ദ്രങ്ങൾ (ഡിറ്റൻഷൻ സെൻറർ) സ്ഥാപിക്കുന്നതിനായി വകുപ്പ് താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കരുതൽ തടങ്കൽ കേന്ദ്ര നിർമ്മാണവുമായി ബന്ധപ്പെട്ട വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (ബി) | രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ശിക്ഷാ കാലാവധി കഴിഞ്ഞോ പരോളിലോ ജയിൽ മോചിതരാകുന്നവരും മറ്റുവിധത്തിൽ സംരക്ഷണം ആവശ്യമുള്ളവരുമായ വിദേശ പൗരന്മാരെ താൽക്കാലികമായി താമസിപ്പിയ്ക്കുന്നതിനുള്ള സൗകര്യത്തിനായി "ട്രാൻസിറ്റ് ഹോം" സ്ഥാപിയ്ക്കുന്ന വിഷയം സർക്കാർ പരിഗണിച്ചു വരുന്നു. പ്രസ്തുത സാഹചര്യത്തിൽ നിലവിൽ പുറപ്പെടുവിച്ച വിജ്ഞാപനവും വിജ്ഞാപന പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളും റദ്ദാക്കുന്ന വിഷയം സർക്കാർ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പുനർവിജ്ഞാപനം

അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും, പാസ്സ്പോർട്ട്/വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും, ശിക്ഷാകാലാവധി പൂർത്തിയാക്കി അവരവരുടെ രാജ്യത്തേയ്ക്ക് തിരിച്ചുപോകുന്നതിനുള്ള നിയമ നടപടികൾക്കായി കാത്തുകിടക്കുന്ന വിദേശികളേയും അവർ രാജ്യം വിടുന്നതുവരെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഒരു ഡിറ്റൻഷൻ സെന്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, ഒരു സമയം പരമാവധി 10 പേർക്ക് സുരക്ഷിതമായി താമസ സൗകര്യം ഒരുക്കാൻ കഴിയുന്ന ഒരു ഡിറ്റൻഷൻ സെൻററർ തിരുവനന്തപുരം അല്ലെങ്കിൽ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് താല്പര്യമുള്ള സന്നദ്ധ സംഘടനകൾ 20/07/2021 വൈകുന്നേരം 5 മണിക്ക് മുൻപായി വിശദമായ പ്രൊപ്പോസൽ ധനകാര്യ വിശകലനം സഹിതം ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ഡിറ്റൻഷൻ സെൻററിൽ, താമസക്കാർക്കുള്ള ഭക്ഷണം, സോഷ്യൽ വർക്കറുടെ സേവനം ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യങ്ങൾക്ക് പുറമേ സുരക്ഷയുടെ ഭാഗമായി CCTV Installation, Barbed Wire Fencing & Illumination (around the compound), Fire Extinguisher എന്നീ സൗകര്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. സുരക്ഷ ഒരുക്കുന്നതിനാവശ്യമായ പോലീസ് സംവിധാനം സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ചുവടെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

ഡയറക്ടർ,

സാമൂഹ്യനീതി വകുപ്പ്,

അഞ്ചാം നില, വികാസ് ഭവൻ,

പി.എം.ജി, തിരുവനന്തപുരം - 695033

ഫോൺ. 0471 – 2306040 ( www.sjd.kerala.gov.in)

mail id – sjdprobation@gmail.com

18/10/21